നം.ഇ.എക്സ്/സി.ജി.എൽ(1)/39200/2020/സി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ജഗതി,
തിരുവനന്തപുരം, തീയതി: 24/05/2020.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ ആർ.ഡി.ഡി/എ.ഡി/ഡി.ഡി.ഇ/ഡി.ഇ.ഒ.മാർക്കും.

സർ,

വിഷയം:- പൊ.വി.വ -എസ്.എസ്.എൽ.സി/എച്ച്എസ്.ഇ/വി.എച്ച്.എസ്.ഇ പൊതുപരീക്ഷകളുടെ പുന:ക്രമീകരണം - നടത്തിപ്പ് - സംബന്ധിച്ച്.

സൂചന:- 23/05/2020-ലെ ഇതേ നമ്പർ സർക്കുലർ.

സൂചന സർക്കുലറിലെയും, അനുബന്ധ മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ പരീക്ഷ നടത്തുമ്പോൾ പ്രത്യേകമായി സജ്ജീകരിച്ചിരിക്കുന്ന റൂമിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ മാർഗ്ഗനിർദ്ദേശത്തിൽ പാരഗ്രാഫ് 9-ൽ ഉള്ളതുപോലെ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് കെട്ടി സീൽ ചെയ്യുക. ഈ വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ സി.വി. കവറിൽ ബ്രേക്കായി രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആവശ്യമായ പ്ലാസ്റ്റിക് കവറുകൾ പരീക്ഷ ഫണ്ടിൽ നിന്നും തുക കണ്ടെത്തി ചീഫ് സൂപ്രണ്ടുമാർ വാങ്ങേണ്ടതാണ്. ഇപ്രകാരം പ്ലാസ്റ്റിക് കവറിൽ ശേഖരിക്കുന്ന ഉത്തരക്കടലാസുകൾ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി.വി. കവറിലാക്കി സി.വി കവറിന്റെ പുറത്ത് പ്രസ്തുത കുട്ടികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷാ കേന്ദ്രമാറ്റം അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ ഇപ്രകാരം പ്രത്യേക റൂമുകളിൽ ഉണ്ടെങ്കിൽ അവർക്കായി പ്രത്യേക പ്ലാസ്റ്റിക് കവർ ക്ലാസ്സ് റൂമിൽ കരുതേണ്ടതാണ്. (പരീക്ഷാ കേന്ദ്രമാറ്റം അനുവദിക്കപ്പെട്ട വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ ഒരോ വിഭാഗത്തിന്റെയും നിർദ്ദേശ പ്രകാരം പ്രത്യേക ക്യാമ്പുകളിലേക്ക് അയയ്ക്കേണ്ടതാണ്)

മാർഗ്ഗനിർദ്ദേശം പാരഗ്രാഫ് (10) ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം സാധാരണ ക്ലാസ്സ് റൂമുകളിലെ കുട്ടികളുടെ ഉത്തരക്കടലാസുകൾ പേപ്പർ ബാഗുകളിൽ ഇൻവിജിലേറ്റർമാർ ശേഖരിക്കേണ്ടതാണ്. ഇതിനായി ഒരു ക്ലാസ്സ് റൂമിലേക്ക് ഒന്നോ, രണ്ടോ സി.വി. കവറുകൾ ഉപയോഗിക്കാവുന്നതാണ്. പരീക്ഷയ്ക്ക് ശേഷം ഓരോ വിഭാഗത്തിന്റെയും ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയ ക്യാമ്പുകളിലേക്ക് അയയ്ക്കുന്നതിനായി എസ്.എസ്.എൽ.സിക്ക് ഒരു സി.വി. കവറിൽ ഒന്നര

മണിക്കൂർ പരീക്ഷയ്ക്ക് 18-ഉം, രണ്ടര മണിക്കൂർ പരീക്ഷയ്ക്ക് 12-ഉം എന്ന ക്രമത്തിൽ ഉത്തരക്കടലാസുകൾ ഉൾക്കൊള്ളിക്കേണ്ടതാണ്. ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിന് ഒരു സി.വി. കവറിൽ 13 എന്ന ക്രമത്തിലും ബോട്ടണി, സുവോളജി, മ്യൂസിക് എന്നിവ 20 എന്ന ക്രമത്തിലും ഉത്തരക്കടലാസുകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

എല്ലാ ഉത്തരക്കടലാസുകളും പരീക്ഷാ ദിവസം തന്നെ ഡെസ്പാച്ച് ചെയ്യേണ്ടതാണ്. പരീക്ഷാ കേന്ദ്രമാറ്റം അനുവദിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ അയയ്ക്കേണ്ട ക്യാമ്പുകളുടെ വിവരം സംബന്ധിച്ച് പ്രത്യേക നിർദ്ദേശം അതാത് വിഭാഗം (എച്ച്.എസ്.ഇ, വി.എച്ച്.എസ്.ഇ, എസ്.എസ്.എൽ.സി) നൽകുന്നതാണ്.

പരീക്ഷാ കേന്ദ്രമാറ്റം അനുവദിക്കപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളുടെ ഹാജർ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് നിർദ്ദേശം അതാത് വിഭാഗം പരീക്ഷാ സെക്രട്ടറിമാർ നൽകുന്നതായിരിക്കും.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വിദ്യാർത്ഥികൾ ഹാജർഷീറ്റിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതില്ല. ഇൻവിജിലേറ്റർമാർ വിദ്യാർത്ഥികളുടെ ഹാജർ പരിശോധിച്ച് അറ്റൻഡൻസ് ഷീറ്റിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:-

1. ജോയിന്റ് ഡയറക്ടർ, ഹയർ സെക്കണ്ടറി പരീക്ഷാ വിഭാഗം
2. പരീക്ഷാ സെക്രട്ടറി, പരീക്ഷാഭവൻ
3. സെക്രട്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷാ വിഭാഗം
4. എല്ലാ ചീഫ് സൂപ്രണ്ടുമാർക്കും (ബന്ധപ്പെട്ട ആർ.ഡി.ഡി/എ.ഡി/ഡി.ഡി.ഇ/ ഡി.ഇ.ഒ മുഖേന)